പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2568 28-10-2026-ൽ മറുപടിയ്ക്ക്

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയുടെ കുടിശ്ശിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ — ശ്രീ. എം. എസ്. അരുൺ കുമാർ

മറുപടി നൽകിയ മന്ത്രി — ശ്രീമതി കെ. എ. തുളസി (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയിൽ നിലവിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

മറുപടി: പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കുടിശ്ശികയൊന്നുമില്ല.

(ബി) കുടിശ്ശികയുള്ള ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ വിതരണം ചെയ്യുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

മറുപടി: പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം നിലവിൽ കുടിശികയില്ലാതെ തുക വിതരണം ചെയ്യുവരുന്നു. ഇ-ഗ്രാന്റ്സ് മുഖേനയുള്ള സ്കോളർഷിപ്പ് അപേക്ഷകളിൽ അപ്പ്രൂവൽ ലഭിക്കുന്ന സ്കോളർഷിപ്പുകൾ യഥാസമയം വിതരണം ചെയ്തുവരുന്നു.

പട്ടികവർഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അഡ്മിഷൻ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ വിദ്യാർത്ഥികളുടെ അപേക്ഷകൾ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനും, അപേക്ഷകളിലെ തെറ്റുകൾ കാരണം സ്കോളർഷിപ്പ് തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാങ്കേതിക പരിമിതികൾ മറികടക്കുന്നതിനായി ജില്ലാതല ഓഫീസർമാർ മുഖേന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് പദ്ധതികളിൽ സിംഗിൾ നോഡൽ ഏജൻസി (SNA SPARSH) പോർട്ടൽ വഴിയുള്ള ഫണ്ട് കൈമാറ്റത്തിൽ ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് കേന്ദ്ര-സംസ്ഥാന തലങ്ങളിലെ എൻ.ഐ.സി. (NIC), ഐ.ടി. സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പാക്കിക്കൊണ്ട് സംയുക്ത പരിഹാര സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) പ്രസ്തുത ഇനങ്ങളിൽ വിതരണം ചെയ്യാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

മറുപടി: ബാധകമല്ല

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ ചികിത്സാ ധനസഹായത്തിന് അപേക്ഷിച്ച എത്ര പേർക്ക് എത്ര തുക അനുവദിച്ച് വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

മറുപടി: പട്ടികജാതി വികസന വകുപ്പ്

ഈ സർക്കാർ അധികാരമേറ്റ ശേഷമുള്ള പട്ടികജാതി വിഭാഗത്തിൽപെട്ടവരുടെ ചികിത്സാ ധനസഹായ-ത്തിന്റെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

പട്ടികവർഗ വികസന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടി-ഗ്രാന്റ്സ് പോർട്ടൽ മുഖേന 1652 പേർക്ക് 39.07 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാ തിരിച്ച് അനുബന്ധം 2 ആയി ചേർക്കുന്നു.

ടി-ഗ്രാന്റ്സ് പോർട്ടൽ മുഖേനയല്ലാതെ വിതരണം ചെയ്ത ധനസഹായത്തിന്റെ വിവരങ്ങൾ ശേഖരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

പട്ടികജാതി വികസന വകുപ്പ്

ജില്ല	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത തുക
തിരുവനന്തപുരം	69	813000
കൊല്ലം	26	892000
പത്തനംതിട്ട	48	859000
ആലപ്പുഴ	144	2096000
കോട്ടയം	29	577500
ഇടുക്കി	95	1844500
എറണാകുളം	126	3095000
തൃശ്ശൂർ	169	4235000
പാലക്കാട്	169	1775001
മലപ്പുറം	89	2208000
കോഴിക്കോട്	26	508000
വയനാട്	21	440000
കണ്ണൂർ	13	570000
കാസർഗോഡ്	60	834000
ആകെ	**1084**	**20747001**

സെക്ഷൻ ഓഫീസർ

അനുബന്ധം – 2

പട്ടികവർഗ വികസന വകുപ്പ്

ജില്ല	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക
ആലപ്പുഴ	8	9,848
എറണാകുളം	86	2,20,508
ഇടുക്കി	31	84,493
കണ്ണൂർ	26	1,42,309
കാസർഗോഡ്	105	4,00,575
കൊല്ലം	58	56,994
കോട്ടയം	41	84,452
കോഴിക്കോട്	38	89,713
മലപ്പുറം	87	2,30,743
പാലക്കാട്	68	92,485
പത്തനംതിട്ട	118	2,22,011
തിരുവനന്തപുരം	6	4,398
തൃശ്ശൂർ	55	1,45,128
വയനാട്	925	21,23,653
ആകെ	**1652**	**39,07,310**

സെക്ഷൻ ഓഫീസർ